**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5553** **05-07-2024 - ൽ മറുപടിയ്ക്ക്**

**മിൽമ ജീവനക്കാരുടെ പണിമുടക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | മിൽമ ജീവനക്കാരുടെ സംയുക്ത ട്രേഡ് യൂണിയൻ ജൂൺ 25 മുതൽ പണിമുടക്കിന് നോട്ടീസ് നൽകുകയുണ്ടായോ എന്ന് വ്യക്തമാക്കാമോ; | (എ) | മിൽമ ജിവനക്കാരുടെ സംയുക്ത ട്രേഡ് യൂണിയൻ ജൂൺ 25 മുതൽ പണിമുടക്കിന് നോട്ടീസ് നൽകിയിരുന്നു. നിലവിലുണ്ടായിരുന്ന ശമ്പള പരിഷ്ക്കരണ കരാർ ഒപ്പ് വച്ച് 13 മാസം കഴിഞ്ഞിട്ടും ആയതിന് അംഗീകാരം ലഭിച്ചിട്ടില്ല എന്ന കാരണം പറഞ്ഞാണ് 25.06.2024 മുതൽ അനിശ്ചിതകാല പണിമുടക്ക് നടത്തുമെന്ന് അറിയിച്ചുകൊണ്ട് 08.06.2024-ലെ കത്ത് പ്രകാരം സംയുക്ത തൊഴിലാളി സംഘടനകൾ സമര നോട്ടീസ് സമർപ്പിച്ചിരിക്കുന്നത്.<br><br>24.06.2024 ൽ മിൽമ മാനേജ്മെന്റും തൊഴിലാളി യൂണിയനുകളും ലേബർ കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ കൂടിയ അനുരഞ്ജന ചർച്ചയിൽ ഉണ്ടായ ഒത്തുതീർപ്പ് പ്രകാരം അനിശ്ചിതകാല പണിമുടക്ക് മാറ്റിവയ്ക്കാൻ ട്രേഡ് യൂണിയനുകൾ തീരുമാനിക്കുകയും ചെയ്തു. |
| (ബി) | എന്തൊക്കെ ആവശ്യങ്ങൾ ഉന്നയിച്ചാണ് ട്രേഡ് യൂണിയനുകൾ പണിമുടക്കിന് ആഹ്വാനം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | 2021 ജൂലൈ മുതൽ പ്രാബല്യത്തിൽ വരുത്തേണ്ട ശമ്പള പരിഷ്ക്കരണ കരാർ നടപ്പിലാക്കാത്തതിൽ പ്രതിഷേധിച്ചാണ് തൊഴിലാളി സംഘടനകൾ സമരത്തിനു ആഹ്വാനം ചെയ്തിരുന്നത്. |
| (സി) | പുതുക്കിയ ശമ്പള കരാർ നടപ്പാക്കാൻ കഴിയാത്തത് സമരത്തിനുള്ള കാരണമാണോയെന്ന് അറിയിക്കാമോ; ഇവർക്ക് എന്നാണ് ഒടുവിൽ ശമ്പള വർദ്ധനവ് അനുവദിച്ചതെന്നും പ്രസ്തുത ജീവനക്കാരുടെ പുതുക്കിയ ശമ്പളക്കരാർ നടപ്പാക്കാൻ കഴിയാത്തതിനുള്ള കാരണം എന്തെല്ലാമാണെന്നും വിശദമാക്കാമോ? | (സി) | 2021 ജൂലൈ മുതൽ പ്രാബല്യത്തിൽ വരുത്തേണ്ട ശമ്പള പരിഷ്ക്കരണ കരാർ നടപ്പിലാക്കാത്തതിൽ പ്രതിഷേധിച്ചാണ് തൊഴിലാളി സംഘടനകൾ സമരത്തിനു ആഹ്വാനം ചെയ്തിരുന്നത്.<br><br>മിൽമയിലെ ജീവനക്കാർക്ക് 13.04.2018 ലെ സർക്കാർ ഉത്തരവ് സ.ഉ.(കൈ)നം.4/2018/ഡി.ഡി പ്രകാരം അംഗീകരിച്ച് ലഭ്യമാക്കിയിരുന്ന 01.07.2016 മുതൽ 30.06.2021 വരെ പ്രാബല്യത്തിലുണ്ടായിരുന്ന ശമ്പള പരിഷ്ക്കരണ കരാറിന്റെ കാലാവധി 30.06.2021-ൽ അവസാനിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ടി ശമ്പള സ്കെയിൽ ആസ്പദമാക്കി |

| | | | |
|---|---|---|---|
| | | | 2021 ജൂലൈ മുതൽ പ്രാബല്യത്തിൽ വരുത്തേണ്ട ശമ്പള പരിഷ്കരണം സംബന്ധിച്ചുള്ള തുടർ ചർച്ചകൾ നടത്തിയിരുന്നു.<br><br>വിവിധ ചർച്ചകൾക്കുശേഷം 09.05.2023-ൽ മിൽമ മാനേജ്മെന്റും തൊഴിലാളി സംഘടന പ്രതിനിധികളും തമ്മിൽ അഡീഷണൽ ലേബർ കമ്മീഷണർ (ഐ.ആർ)-ന്റെ സാന്നിദ്ധ്യത്തിൽ സ്റ്റാൻഡിംഗ് ഓർഡറിന്റെ പരിധിയിലുള്ള ജീവനക്കാരുടെ കരാറും, 06.06.2023-ൽ ഓഫീസർമാരുടെ പ്രതിനിധികളും മാനേജ്മെന്റും തമ്മിൽ സ്റ്റാഫ് റെഗുലേഷന്റെ പരിധിയിലുള്ള ഉദ്യോഗസ്ഥരുടെ ശമ്പള പരിഷ്കരണ കരാറും ഒപ്പ് വച്ചിരുന്നു.<br><br>തുടർന്ന് ശമ്പള പരിഷ്കരണത്തിനു അംഗീകാരം ലഭ്യമാക്കുന്നതിലേക്കായി സമർപ്പിച്ച അപേക്ഷ സർക്കാർ നിലവിൽ വിവിധ ഉപദേശ വകുപ്പുകളുടെ അഭിപ്രായ സഹിതം പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ